## മേശപ്പുറത്തുവച്ച കടലാസുകൾ

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 940 -ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കുന്ന ചട്ടം 47 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

1. കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി -I ന്റെ ആനുകാലിക റിപ്പോർട്ട്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി.മോഹനൻ) : സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി -I ന്റെ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

2. വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി - VII ന്റെ ആനുകാലിക റിപ്പോർട്ട്

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മഹമ്മദ്): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി - VII ന്റെ 2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

3. 2012 ലെ കേരള ധനകാര്യബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി) : സർ, 2012 ലെ കേരള ധനകാര്യബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(മി. സ്പീക്കർ)

**റൂളിംഗ്**

**സഭാരേഖകളിൽ നിന്നും പരാമർശം നീക്കം ചെയ്യുന്നത് സംബന്ധിച്ച്**

മി. സ്പീക്കർ: ജൂലൈ 11-ാം തീയതി ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് പ്രസംഗിക്കുമ്പോൾ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ പേരിലില്ലാത്ത ഒരു പദം ഉപയോഗിക്കുകയും പ്രസ്തുത സബ്മിഷന് മറുപടി നൽകിയ ബഹുമാനപ്പെട്ട മന്ത്രി അൺ ഡിഗ്നിഫൈഡായ ഒരു പദപ്രയോഗം നടത്തിയതായും രേഖകളിൽ കാണുന്നു. മേൽപ്പറഞ്ഞ രണ്ട് പ്രയോഗങ്ങളും നിയമസഭാ നടപടി ചട്ടം ........

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഞാൻ പറഞ്ഞത് പിൻവലിച്ചിരിക്കുന്നു. ഞാൻ പറഞ്ഞതിൽ അദ്ദേഹത്തിന് വിഷമം തോന്നിയിട്ടുണ്ടെങ്കിൽ ഖേദം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): ശ്രീ. പി. തിലോത്തമൻ പറയുന്ന കൂട്ടത്തിൽ അദ്ദേഹത്തിന്റെ ജാതിയെക്കുറിച്ച് പറഞ്ഞു. അപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എഴുന്നേറ്റ് പറഞ്ഞു, ‘എനിക്ക് നായർ ആയതിൽ അഭിമാനമുണ്ട്’ എന്ന്. അഭിമാനമുണ്ടെന്ന് പറഞ്ഞപ്പോൾ അവർ ആ ജാതിക്കാരെന്ന് പറഞ്ഞുപോയതാണ്. അല്ലാതെ ഞാൻ ഒരു തെറ്റും അറിഞ്ഞുകൊണ്ട് ചെയ്തതല്ല. അദ്ദേഹം തന്നെ പറഞ്ഞതാണ്. സഭയിലെ രേഖ നോക്കിയാലറിയാം. ‘ഞാൻ ഇന്ന പിള്ളയുടെ മകനാണ് ഇന്ന

നായർ സ്ത്രീയുടെ മകനാണ്, എനിക്ക് നായരായതിൽ അഭിമാനമുണ്ട് സർ,' എന്ന് അദ്ദേഹം സഭയിൽ പറഞ്ഞതുകൊണ്ട് ഞാനും പറഞ്ഞുവെന്നേയുള്ളു. അത് തെറ്റാണെന്ന് സാറിന് തോന്നുന്നെങ്കിൽ ഞാൻ അത് പിൻവലിക്കാം.

<u>മി. സ്പീക്കർ:</u> സഭ ഒരു കാര്യം ശ്രദ്ധിക്കണം. ഇതിപ്പോൾ ഞാനാണ് ഇതിനകത്തെ ഒരു ................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> പത്തിരുപത്തിയൊന്ന് കൊല്ലമായി ഈ നിയമസഭയിൽ വരുന്ന ആളാണ് ഞാൻ. ഒരിക്കലും അൺപാർലമെന്ററിയായിട്ടുള്ള ഒരു വാക്കും ഉപയോഗിക്കരുതെന്ന് ആഗ്രഹിക്കുന്ന ഒരാളാണ്. വളരെ അൺപാർലമെന്ററി എന്ന് തോന്നിക്കത്തക്ക വിധത്തിൽ ആക്ഷേപിക്കാൻ വേണ്ടി ഒരു വാക്ക് പറഞ്ഞപ്പോൾ ആ ആക്ഷേപം നമ്മൾ കേട്ടിരുന്നു എന്ന് വരുത്തുന്നത് ശരിയല്ല. അതുകൊണ്ട് എന്റെ ഒരു പ്രതികരണം മാത്രമാണ്. ഉണ്ടായ സംഭവത്തിന്റെ പ്രതികരണമാണ്.

<u>മി. സ്പീക്കർ:</u> അതിന്റെ സ്പിരിറ്റിൽ തന്നെ സഭ എടുക്കുന്നു. പക്ഷെ അംഗങ്ങളെല്ലാവരും പ്രസംഗിക്കുമ്പോൾ സഭയുടെ അന്തസ്സിന് ചേരാത്ത പദപ്രയോഗങ്ങൾ ഒഴിവാക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. അടുത്തത് മന്ത്രി സഭയിൽ നൽകിയ വിശദീകരണം, നേരത്തെ നൽകിയ ഉത്തരവിന് വിരുദ്ധമായി വരുന്നത്. അനീഷ് രാജിന്റെ കൊലപാതകക്കേസിൽ പ്രതികളെ സംബന്ധിച്ച് ജൂലൈ 11-ാം തീയതി സഭയിൽ പരാമർശി

ച്ചപ്പോൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പ്രതികളെക്കുറിച്ച് പരാമർശം നടത്തിയിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ അന്ന് പറഞ്ഞിരുന്നത് 'ഇവിടെ രണ്ടാളുകൾ അവർ കോൺഗ്രസിന്റെ പാർട്ടി പ്രവർത്തകരാണ്' എന്നും 'മറ്റുള്ള ആളുകളുടെ പാർട്ടി ഏതാണെന്നുള്ളതിനെക്കുറിച്ച് എല്ലാവർക്കും അറിവുണ്ടോ' എന്നും പറഞ്ഞു. അതിനേക്കാൾ വ്യത്യസ്തമായി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ എഴുതിത്തന്ന ഉത്തരത്തിനോട് ഞാൻ യോജിച്ചു നിൽക്കുന്നു. അതാണ് യഥാർത്ഥത്തിലുള്ളത്.

മി. സ്പീക്കർ: ഇത് ഇവിടെ അവസാനിക്കുന്നു.

**ക്രമപ്രശ്നം**

ശ്രീ. മുല്ലക്കര രത്നാകരൻ: കഴിഞ്ഞ ദിവസം അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് കാര്യം പറഞ്ഞതിൽ എനിക്ക് അറിയാവുന്ന രേഖകളുമായി ബന്ധപ്പെട്ട് അത് സത്യത്തിന് നിരക്കാത്തതാണ്. ഒന്ന് രണ്ടായിരത്തി അഞ്ഞൂറ് ഏക്കറിൽ വ്യവസായ വകുപ്പ് ആറൻമുളയിൽ ഒരു നോട്ടിഫിക്കേഷൻ നടത്തി എന്നത്. ഞാൻ പരിശോധിച്ചപ്പോൾ ആ നോട്ടിഫിക്കേഷൻ അഞ്ഞൂറ് ഏക്കറിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആ രേഖയുണ്ടെങ്കിൽ എന്നെ ബോധ്യപ്പെടുത്തിയാൽ സ്വാഭാവികമായും അത് അറിയാവുന്നതാണ്. രണ്ടാമത്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണ കാലത്ത് ഗവൺമെന്റ് അവിടെ വയൽ നികത്താൻ അനുവാദം കൊടുത്തിരുന്നു. അങ്ങനെയാണ് നികത്തിയത് എന്ന പരാമർശമുണ്ടായി. അങ്ങനെ ഒരപേക്ഷ ഗവൺമെന്റിന്റെ മുന്നിൽ വരികയോ ഗവൺമെന്റ് അനുവദിക്കുകയോ ചെയ്തിട്ടില്ല. രണ്ട് കാര്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം ആവശ്യമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അങ്ങ് പറഞ്ഞ രണ്ടാമത്തെ കാര്യം, അനുമതി കൊടുത്ത് വയൽ നികത്തി എന്നല്ല പറഞ്ഞത്, അനുമതിയില്ലാതെ നികത്തിയതിന് സാധൂകരണം നൽകുന്നതിന് മുഖ്യമന്ത്രി വ്യക്തമായ ഡയറക്ഷൻ പത്തനംതിട്ട ജില്ലാകളക്ടർക്ക് കൊടുത്തുവെന്നാണ്. ഞാൻ ആ കത്തിലെ വാചകം പോലും വായിച്ചു. But we are told that since the owner of the land has developed the land in violation of

certain rules and it cannot be transcated unless a direction is issued by Government. ഇത് ഞാൻ ഇന്നലെ വായിച്ച വാചകമാണ്. 'certain rules' എന്നുപറഞ്ഞാൽ ഗവൺമെന്റിന്റെ അനുമതി ഇല്ലാതെ വയൽനികത്തി, ഗവൺമെന്റിന്റെ ഡയറക്ഷൻ ഉണ്ടെങ്കിൽ മാത്രമേ ഫർദ റായിട്ടുള്ള ട്രാൻസാക്ഷന് സാധിക്കുകയുള്ളു എന്ന് പറഞ്ഞതിന്റെ പേരിൽ.......... ഈ കത്ത് അന്നത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. കെ. സി. രാജഗോപാലന്റേതാണ്- മുഖ്യമന്ത്രി അതിൽ നിർമ്മാണ പ്രവർത്തന ങ്ങൾ ആരംഭിക്കത്തക്കവിധം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുക എന്നാണുള്ളത്.

ശ്രീ. എ.കെ. ബാലൻ: സർ..........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ അത് പറയാൻ പോകുകയാണ്. അവിടിരിക്കൂ. അങ്ങയുടെ വകുപ്പ് ഇതിന് അനുമതി കൊടുത്തെ ന്നൊന്നും ഞാൻ പറഞ്ഞില്ല. അങ്ങയുടെ വകുപ്പിന്റെ അനുമതിയില്ലാതെ നികത്തിയതിന് ഗവൺമെന്റിന്റെ ഡയറക്ഷൻ ഉണ്ടെങ്കിൽ മാത്രമേ ചെയ്യാൻ പറ്റുകയുള്ളു എന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഗവൺമെന്റ് ഡയറക്ഷൻ വേണമെന്ന് പറഞ്ഞപ്പോൾ മുഖ്യമന്ത്രി നേരിട്ട് ഡയറക്ഷൻ കൊടുത്തു. ആ ഡയറക്ഷന്റെ അടിസ്ഥാനത്തിൽ ജില്ലാകള ക്ടർ നടപടികൾ സ്വീകരിച്ചു. അങ്ങിവിടെ പറഞ്ഞതുകൊണ്ട് ഞാൻ ഒരി ക്കൽക്കൂടി ആവർത്തിക്കാൻ ഇടയായി. രണ്ടാമത്തെ പ്രശ്നം, അഞ്ഞൂറ് ഏക്കർ മാത്രമേയുള്ളു, രണ്ടായിരത്തിയഞ്ഞൂറോളം ഏക്കറെന്ന് പറഞ്ഞു

എന്നുള്ളതാണ്. ആറൻമുള ഗ്രീൻഫീൽഡ് എയർപോർട്ടിന് അഞ്ഞൂറ് ഏക്കറെന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷെ നോട്ടിഫിക്കേഷൻ വന്നിരിക്കുന്നത് മല്ലപ്പുഴശ്ശേരി വില്ലേജ്- 1564 സർവ്വേ നമ്പേഴ്സ്, ആറൻമുള വില്ലേജ് -243 സർവ്വേ നമ്പേഴ്സ്, കിടങ്ങന്നൂർ - 156 സർവ്വേ നമ്പേഴ്സ് മൊത്തം 1963 സർവ്വേ നമ്പറുകളിലായി ആയിരക്കണക്കിന് ഏക്കറാണ് നോട്ടിഫൈ ചെയ്തത്. പക്ഷെ ആ നോട്ടിഫിക്കേഷനിൽ ആറൻമുള എയർപോർട്ടിന് അഞ്ഞൂറ് ഏക്കർ എന്ന് സ്പെസിഫിക്കായി പറയുന്നുണ്ട്. പക്ഷെ ആ നോട്ടിഫിക്കേഷനകത്ത് വന്നിരിക്കുന്നത് ഇത്രയും സർവ്വേ നമ്പേഴ്സിലെ ഇത്രയധികം ഭൂമികളാണ്. ഞാൻ ഇന്നലെ പറഞ്ഞു. അഞ്ഞൂറ് ഏക്കർ ഒഴിച്ച് ...........(ബഹളം)........ഈ ഗവൺമെന്റ് വന്നപ്പോൾ അവിടുത്തെ ജനങ്ങൾ വന്ന് ആദ്യമായി നിവേദനം തന്നത്, 'ഞങ്ങളെ രക്ഷിക്കണം, ഞങ്ങളെയെല്ലാവരേയും ഇതിനകത്ത് കുടുക്കിയിരിക്കുകയാണ്' എന്നു പറഞ്ഞാണ്. അതുകഴിഞ്ഞ് കളക്ടറേറ്റിൽ യോഗം ചേർന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളും കൂടി. അഞ്ഞൂറ് ഏക്കർ ഒഴിച്ച് ബാക്കിയുള്ളതെല്ലാം ഡീ-നോട്ടിഫൈ ചെയ്യാനായി വ്യവസായ വകുപ്പുമന്ത്രി ഒപ്പിട്ടുകഴിഞ്ഞു എന്ന് ഇന്നലെ ഞാൻ പറഞ്ഞു. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ, ആറ് പേജിലെ സർവ്വേ നമ്പേഴ്സ് ഡീ-നോട്ടിഫൈ ചെയ്യാൻ വ്യവസായ വകുപ്പുമന്ത്രി ഒപ്പിട്ടുകഴിഞ്ഞു. ഈ നോട്ടിഫിക്കേഷനിൽ അഞ്ഞൂറ് ഏക്കറെന്ന് പറയുന്നുണ്ട്. ........(ബഹളം)........

ശ്രീ. ഇ.പി. ജയരാജൻ: സർ ........(മൈക്ക് ഓഫ്).........

ശ്രീ. ഉമ്മൻ ചാണ്ടി : അതാണ് ചെയ്തത്. അതാണ് ഞങ്ങൾ ഇപ്പോൾ ചെയ്യുന്നത്. ഇത് മുഴുവൻ വ്യവസായ പ്രദേശമായി ഡിക്ലെയർ ചെയ്തു. ഇന്നലെ ഞാൻ പറഞ്ഞതുപോലെ സർവ്വേ നമ്പേഴ്സ് സെലക്ട് ചെയ്ത് 500 ഏക്കർ ഒഴികെ ബാക്കിയുള്ളതിന്റെയെല്ലാം നോട്ടിഫിക്കേഷൻ ഇറങ്ങാൻ പോകുകയാണ്. വ്യവസായവകുപ്പുമന്ത്രി ഒപ്പിട്ടു കഴിഞ്ഞു.

ശ്രീ. മുല്ലക്കര രത്നാകരൻ : ബഹുമാനപ്പെട്ട സ്പീക്കറോടും മുഖ്യമന്ത്രിയോടുമുള്ള അപേക്ഷയാണ്. ഇന്നലെ മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണ കാലത്ത് 2500 ഏക്കർ നോട്ടിഫിക്കേഷൻ നടത്തി, 500 ഏക്കർ ഒഴികെ ബാക്കിയെല്ലാം ഡീ-നോട്ടിഫിക്കേഷൻ നടത്തിയെന്നാണ്. നോട്ടിഫിക്കേഷൻ 2500 ഏക്കർ നടത്തിയെന്നാണ്. രേഖ പരിശോധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് തെറ്റാണ്. 500 ഏക്കറിന്റെ മാത്രമേ നോട്ടിഫിക്കേഷൻ നടത്തിയിട്ടുള്ളു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : സർ, തെറ്റിദ്ധാരണ വേണ്ട. കാരണം വ്യവസായ ഏരിയ ആയി പ്രഖ്യാപിച്ചുവെന്നുതന്നെയാണ് വിശദീകരണക്കുറിപ്പിൽ പറയുന്നത്. പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ ഏകദേശം 500 ഏക്കറോളം ഭൂമിയിൽ ഗ്രീൻ ഫീൽഡ് എയർപോർട്ട് നിർമ്മിക്കുന്നതിന് അനു

മതി നൽകുവാൻ ഇത്രാം നമ്പരായി തീരുമാനിച്ചു. അതിനുവേണ്ടി പ്രസ്തുത പ്രദേശത്തെ ഒരു വ്യവസായ പ്രദേശമായി പ്രഖ്യാപിക്കാനും പ്രസ്തുത മേഖലയ്ക്കായി ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുവാനും കേരള സർക്കാർ ഉദ്ദേശിക്കുന്നു. ഈ വ്യവസായ പ്രദേശമായുള്ള പ്രഖ്യാപനത്തിൽ നാട്ടുകാർക്ക് വിഷമമുണ്ടായി, മാത്രമല്ല, ....................(ബഹളം)...........ഒന്ന് പറഞ്ഞോട്ടെ.......പൂർത്തിയാക്കട്ടെ. ........... വ്യവസായ പ്രദേശമായി പ്രഖ്യാപിക്കാനുള്ള ആ ഏരിയയുടെ സർവ്വേ നമ്പർ ഏകദേശം രണ്ടായിരം - 1890 - വരും. ആ പ്രദേശമൊന്നും ഇനി വേണ്ട, എയർപ്പോർട്ടിന് ഇത്ര ഏക്കർ മതി അതിനപ്പുറം എടുക്കേണ്ട എന്നാണ് ഞങ്ങൾ കൊടുത്തിരിക്കുന്ന നോട്ടിഫിക്കേഷൻ. അത് വളരെ ക്ലിയറാണ്. .................(ബഹളം) ............

<u>ശ്രീ. എ.കെ. ബാലൻ</u> : സർ, 2011 ഫെബ്രുവരി മാസം 24 -ന്റെ വിജ്ഞാപനം വ്യവസായ വകുപ്പിന്റേതാണ്. അതാണ് ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ പറഞ്ഞത്. അതിൽ ഞങ്ങൾ 500 ഏക്കർ ഭൂമിയെന്ന് പറയുന്നത് ഗ്രീൻ ഫീൽഡ് എയർപ്പോർട്ട് ആറന്മുള ഏകജാലക ക്ലിയറൻസ് ബോർഡിന് വേണ്ടിയാണ്. പറഞ്ഞത് മനസ്സിലായില്ലേ? ഇത് നികത്തണമെന്നോ കെ.എൽ.യു. എക്സംപ്ഷൻ കൊടുക്കണമെന്നോ യാതൊന്നും ഇതിൽ പറഞ്ഞിട്ടില്ല. രണ്ടാമത്തെ കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ജില്ലാ കളക്ടർ, പത്തനംതിട്ട,- നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കത്തവിധം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യ

മായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുക. ഇതാണ് 11-11 -2010-ന് അന്നത്തെ എം.എൽ.എ. ശ്രീ. കെ.സി. രാജഗോപാൽ മുഖ്യമന്ത്രിക്ക് കൊടുത്ത കത്ത്. അതിൽ 350 ഏക്കർ ഭൂമിയാണ് പറയുന്നത്. ആ ഭൂമി ഓൾറെഡി കൺവെർട്ടഡ് ആണ്. അതിന് റെക്ടിഫിക്കേഷനുവേണ്ടിയാണ് ചോദിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ ഒന്നും സൂചിപ്പിച്ചിട്ടില്ല. അവരുടെ കൈവശമുള്ള 350 ഏക്കർ ഭൂമി എന്നുപറഞ്ഞുകൊണ്ടാണ് ഇത് കൊടുത്തിട്ടുള്ളത്. അതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടിയെടുക്കണമെന്ന് പറയുന്നത്. സാധാരണ നിലയിൽ ഒരു എം.എൽ.എ. അങ്ങനെ കത്ത് കൊടുത്താൽ കളക്ടർക്ക് അന്വേഷിച്ച് നടപടി സ്വീകരിക്കാം. അത് തെറ്റാണെങ്കിൽ തെറ്റായി എടുക്കാം. ........(ബഹളം) ........... അത് 350 ഏക്കർ ഭൂമിയാണ്. അതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉണ്ടാക്കിയ ഇംപ്രഷൻ '2500 ഏക്കർ വയൽ നികത്തുന്നതിനുവേണ്ടി' 350 ഏക്കർ ഭൂമിയെന്ന് ഇതിൽ പ്രത്യേകിച്ച് എഴുതിയിട്ടുണ്ട്. ഇങ്ങനെ മിസ്‌ലീഡ് ചെയ്യുന്നത് ശരിയല്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഒരു എം.എൽ.എ. കൊടുത്ത പെറ്റീഷനിൽ ഒന്ന് എഴുതിക്കൊടുത്തുവെന്ന് അങ്ങ് വളരെ ലഘൂകരിച്ച് പറയുമ്പോൾ എം.എൽ.എ. കൊടുത്ത നിവേദനം എന്താണ്? ........... ' but we are told that since the owner of the land has developed the land in violation of certain rules' അപ്പോൾ പിന്നെ എന്താ നിലം നികത്തി

യാൽ? ..........അത് ശ്രീ. മുല്ലക്കര രത്നാകരൻ അംഗീകരിക്കുമോ? അദ്ദേഹത്തിന്റെ വകുപ്പിന്റെ അംഗീകാരമില്ലാതെ ഡെവലപ് ചെയ്തു. അപ്പോൾ കളക്ടർ പറഞ്ഞു. ഫർദർ നടപടി പറ്റില്ല. അതിനാണ് മുഖ്യമന്ത്രി എഴുതിക്കൊടുത്തത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തക്കവണ്ണം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കാൻ. ഏതായാലും .........(ബഹളം)..........ഇതോടുകൂടി ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ.എളമരം കരീം : സർ, ഇൻഡസ്ട്രിയൽ ഏരിയയായി നോട്ടിഫൈ ചെയ്താൽ വയൽ നികത്താൻ പെർമിഷൻ വേണ്ടായെന്ന് നിയമത്തിൽ പറയുന്നുണ്ടോ? സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് നിലവിൽ വരാൻവേണ്ടിയുള്ള പ്രീ കണ്ടീഷനെന്നുള്ളതല്ലാതെ ഏതെങ്കിലും നിയമത്തിൽനിന്ന് എക്സംപ്ഷൻ കൊടുക്കാൻ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന് അധികാരമുണ്ടോ? ഇൻഡസ്ട്രിയൽ ഏരിയ വരുന്നതിന്റെ ഭാഗമായി പ്രൊപ്പോസ്ഡ് വിമാനത്താവളത്തിന് എത്രയും വേഗം പെർമിഷൻ കൊടുക്കുകയെന്നതല്ലാതെ ഒരു നിയമത്തിലും ഇളവ് നൽകാൻ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനോ ഈ പ്രദേശത്തോ അധികാരമില്ല. നിലം നികത്തൽ എന്ന വിഷയമാണ് ഇന്നലെ ചർച്ചയ്ക്ക് വന്നത്. നിലം നികത്താനുള്ള പെർമിഷൻ അല്ല അത്.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : സർ, ബഹുമാനപ്പെട്ട മുൻ വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതിന് ഇപ്പോൾ ആരെങ്കിലും ആറൻമുള

എയർപ്പോർട്ടിന് ആവശ്യമായ എല്ലാ ക്ലിയറൻസും കിട്ടിക്കഴിഞ്ഞുവെന്ന് ഞങ്ങളാരെങ്കിലും പറഞ്ഞോ? ഇല്ലല്ലോ? ഇനി എൻവയോൺമെന്റ് ക്ലിയറൻസും മറ്റ് പ്രശ്നങ്ങളുമൊക്കെയുണ്ട്. സിംഗിൾ വിൻഡോ ക്ലിയറൻസിന്റെ പരിധിക്കപ്പുറത്തുള്ള നീർത്തട നിയമത്തിന്റെ പ്രശ്നങ്ങളുണ്ടാകും, അതൊക്കെയുണ്ടാകും. അതൊന്നും ഇവിടെ ആരും തർക്കിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ പോയിന്റ് ഒന്നേയുള്ളു. ഒന്ന്, ഇതിന്റെ എല്ലാ കുഴപ്പവും തീർത്ത് വേഗം ക്ലിയറാക്കി കൊടുക്കണമെന്നുള്ള തരത്തിൽ അന്നത്തെ മുഖ്യമന്ത്രി എഴുതി. രണ്ടാമത്, വളരെ അവ്യക്തമായ രീതിയിൽ 500 ഏക്കറെന്ന് പറഞ്ഞെങ്കിലും വ്യവസായ പ്രദേശമായി ഏരിയ പ്രഖ്യാപിച്ചു. ഇതുകൊണ്ട് നാട്ടുകാർക്ക് വലിയ ബുദ്ധിമുട്ടുണ്ടായി. അങ്ങനെ കളക്ട്രേറ്റിൽ എല്ലാവരുംകൂടി യോഗം കൂടി ഈ വ്യവസായ പ്രദേശത്തെ ഒഴിവാക്കിത്തരണമെന്ന് പറഞ്ഞു. ഇഷ്ടമുള്ളവർ നിന്നാൽ മതി. അല്ലാത്തവരെ ഒഴിവാക്കിത്തരണമെന്ന് പറഞ്ഞതിനെത്തുടർന്ന് ഒഴിവാക്കണമെന്നുള്ള നിലയിൽ കളക്ടറുടെ റിപ്പോർട്ട് വന്നു. ആ റിപ്പോർട്ടിൽ വ്യവസായ മന്ത്രി എന്നുള്ള നിലയിൽ റീ-നോട്ടിഫൈ ചെയ്യാൻ ഞാനൊരു തീരുമാനം പ്രൊപ്പോസ് ചെയ്തു. ........(ബഹളം)....... നിങ്ങൾ ഇങ്ങനെ ഓരോ അക്ഷരത്തിനും പറയേണ്ട കാര്യമെന്താ? ഞാൻ പറഞ്ഞിട്ട് പറഞ്ഞാൽപ്പോരേ? റീ-നോട്ടിഫൈ ചെയ്യണമെന്ന് തീരുമാനിച്ചു. അത് ലോ ഡിപ്പാർട്ടുമെന്റിന് പോയി. ലോ ഡിപ്പാർട്ടുമെന്റ് പരിശോധിച്ചിട്ട് റീ-നോട്ടിഫൈ എന്നൊരു പരിപാടി ഇല്ല, ആവശ്യമില്ലാത്തത് ഒഴി

വാക്കിയാൽ മതിയെന്ന് പറഞ്ഞു. ആവശ്യമില്ലാത്തത് ഒഴിവാക്കുമ്പോൾ ഈ സർവ്വേ നമ്പർ മുഴുവൻ വരും. അത് 500 ഏക്കർ അല്ല. അതിലൊക്കെ വളരെ കൂടുതൽ വരും.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ക്രമപ്രശ്നമായി ശ്രീ. മുല്ലക്കര രത്നാകരൻ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നം, ഇത് 500 ഏക്കർ മാത്രമേ നോട്ടിഫൈ ചെയ്തുള്ളു എന്നതാണ്. അത് ശരിയല്ല. എന്ന് മാത്രമല്ല, എക്സ്റ്റന്റ് പറയാതെ സർവ്വെ നമ്പർ മാത്രം പറഞ്ഞ് മൂന്ന് വില്ലേജുകളിലെ ...........അത് വായിച്ചു നോക്കൂ............ശ്രീ. വി.എസ്. സുനിൽ കുമാർ അത് വായിച്ചു നോക്കൂ............

ശ്രീ. എ.കെ. ബാലൻ : സർ, ...............(ബഹളം)...........

ശ്രീ. കെ. ശിവദാസൻ നായർ : വേണ്ട, എന്നെ ഇംഗ്ലീഷ് പഠിപ്പിക്കേണ്ട ശ്രീ. ബാലൻ. ................ഞാൻ പറയുന്നത് ശ്രീ. ബാലൻ ആദ്യം കേൾക്കൂ........... ..............(ബഹളം) .............ഇതിൽ 500 ഏക്കർ എന്ന് പറഞ്ഞിട്ട് സർവ്വേ നമ്പരുകൾ മാത്രം പറഞ്ഞു. ആ സർവ്വേ നമ്പരുകൾ ............(ബഹളം) ........ഏകദേശം രണ്ടായിരം ഏക്കറോളം വരും. ............. അതാണ് പ്രശ്നം........ജനങ്ങൾക്ക് എതിർപ്പുണ്ടായത് അവിടെയാണ്. ..............(ബഹളം) ...................

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഏതായാലും രണ്ട് കാര്യം വ്യക്തമായി. അഞ്ഞൂറേക്കർ വിമാനത്താവളത്തിനുവേണ്ടി അനുവദിച്ചുവെന്നുള്ളത് ശ്രീ. മുല്ലക്കരയും അംഗീകരിച്ചു. ബാക്കിയുള്ളത് വ്യവസായ പ്രദേശമായി

നോട്ടിഫൈ ചെയ്തുവെന്നുള്ളത് ശ്രീ. എളമരം കരിമും അംഗീകരിച്ചു. ...(ബഹളം)...... വ്യവസായ പ്രദേശമായി നോട്ടിഫൈ ചെയ്തതുകൊണ്ട് പ്രത്യേക ഇളവുകൾ ഒന്നുമില്ല എന്ന ഒരു വാദഗതിയോടുകൂടി അതും അംഗീകരിച്ചു. ബഹുമാനപ്പെട്ട ബാലൻ ആ നോട്ടിഫിക്കേഷനിലെ വിശദീ കരണക്കുറിപ്പിൽ പറയുന്നുണ്ട്. 'അതിനുവേണ്ടി പ്രസ്തുത പ്രദേശത്തെ ഒരു വ്യവസായ പ്രദേശമായി പ്രഖ്യാപിക്കാനും പ്രസ്തുത മേഖല യ്ക്കായി ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാനും കേരള സർക്കാർ ഉദ്ദേശിക്കുന്നു.' ആ പ്രദേശത്തെ മുഴുവൻ 500 ഏക്കർ ഗ്രീൻ ഫീൽഡ് എയർപോർട്ട് എന്നത് പറയുന്നുണ്ട്. പക്ഷെ ഈ സർവ്വേ നമ്പറു കളെല്ലാം കൊടുത്ത് ആ നോട്ടിഫിക്കേഷൻ ഉണ്ട്. അതുകൊണ്ടാണ് ഇതിൽ പ്രതിഷേധമുള്ളവരുടെയെല്ലാം ഒരു മീറ്റിംഗ് കളക്ടറേറ്റിൽ വിളി ച്ചുകൂട്ടിയത്. നിങ്ങളുടെ പാർട്ടിക്കാരുമുണ്ടായിരുന്നു. അവിടത്തെ എം. എൽ. എ. ശ്രീ. കെ. ശിവദാസൻ നായരുമുണ്ടായിരുന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളും കൂടി പറഞ്ഞു ബാക്കി സ്ഥലം ഒഴിവാക്കണം എന്ന്. അങ്ങനെ ഗവൺമെന്റിലേയ്ക്ക് വന്നു. ആറുപേജുള്ള സർവ്വേ നമ്പരുകൾ (പേപ്പർ ഉയർത്തിക്കാട്ടി) ഇത് മുഴുവൻ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് വ്യവസായ വകുപ്പുമന്ത്രി ഒപ്പിട്ടു. നിങ്ങളുടെ ആളുകൾ കൂടി ആവശ്യപ്പെ ട്ടത് അനുസരിച്ചുള്ള നോട്ടിഫിക്കേഷൻ അനുസരിച്ച് വ്യവസായ പ്രദേശ മായി പ്രഖ്യാപിച്ച നോട്ടിഫിക്കേഷനിൽ നിന്ന് പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് രണ്ടുദിവസത്തിനകം വരും. ...........

മി. സ്പീക്കർ:..... നോ.....നോ........ചെയർ പറയട്ടെ.......നോ ഡിബേറ്റ്... ശ്രീ. ബാലൻ....അത് പറഞ്ഞുകഴിഞ്ഞു. I said no...... ഇത് 303 ആണ്. No debate....Shri Balan ..........No debate shall be allowed on a point of order.... .you are not obeying the chair .....

ശ്രീ. എ.കെ. ബാലൻ : സർ, പത്തനംതിട്ട ജില്ലയിൽ ആറൻമുള മല്ലപ്പുഴശ്ശേരി, കിടങ്ങാനുർ എന്നീ വില്ലേജുകളിൽ വ്യാപിച്ച് കിടക്കുന്നതു മായ 500 ഏക്കറോളം ഭൂമി സംസ്ഥാനത്ത് ഒരു വ്യവസായ പ്രദേശമായി ഇതിനാൽ പ്രഖ്യാപിക്കുന്നു. അഞ്ഞൂറേയുള്ളു.

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങനെയാണെങ്കിൽ അതിന്റെ താഴോട്ടുകൂടി വായിക്കണം. സർവ്വേ നമ്പരും നോക്കണം.

മി. സ്പീക്കർ: ശ്രീ. ബാലൻ........പ്ലീസ്.. പ്ലീസ് ഇത് ഒരു അടിയന്തര പ്രമേയമായി വന്ന് വിശദമായി ചർച്ച ചെയ്തു. ഈ തർക്കം ഇന്നലെയും അങ്ങോട്ടുമിങ്ങോട്ടും നിലനിന്നിരുന്നു. ശ്രീ. മുല്ലക്കര രത്നാകരൻ ഇന്നലെ ഈ വിഷയം അവതരിപ്പിച്ച് അങ്ങ് പറയാനുള്ളതെല്ലാം പറഞ്ഞു. ഗവൺമെന്റ് പറയാനുള്ളത് ഗവൺമെന്റ് പറഞ്ഞു. ഇന്ന് പറഞ്ഞതെല്ലാം ഇന്നലെയും പറഞ്ഞു. റൂൾ 303 –ൽ ഡിബേറ്റ് അനുവദിക്കാൻ പാടില്ല എന്നാണ്. ഒരു ഡിബേറ്റ് തന്നെ അനുവദിച്ചു. അത് കഴിഞ്ഞു. ഇതിൽ യാഥാർത്ഥത്തിൽ ഒരു ക്രമപ്രശ്നവും നിലനിൽക്കുന്നില്ല.

(അനൗദ്യോഗികാംഗങ്ങളുടെ കാര്യം)

* * * * * * * * * * * * * * * *